(ഡി) ഇല്ല.

(ഇ) ഏഴ് ജീവനക്കാർ.

(എഫ്) 1997-ൽ ഐ.വി. ഫ്ളൂയിഡ് സ്റ്റെറൈൽ സെക്ഷൻ നിർത്തലാക്കിയപ്പോൾ അവിടെയുണ്ടായിരുന്ന ജീവനക്കാരെ റീയേജന്റ് സെക്ഷനിലേക്ക് മാറ്റുകയാണ് ഉണ്ടായത്.

(ജി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

"പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനം"

146 (3075) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ തുടങ്ങിയവയോടനുബന്ധിച്ച് നടത്തപ്പെടുന്ന പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിന് ഒരു പൊതുമാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിലെ ആശുപത്രിവികസന കമ്മിറ്റികൾ നടത്തുന്ന പേയിംഗ് കൗണ്ടറുകൾ ആശുപത്രികളിലെ ഫാർമസികളുടെ മേൽനോട്ടത്തിലും സഹകരണത്തോടെയും ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്നവയായിരിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

രോഗികൾക്ക് ന്യായമായ വിലയ്ക്ക് അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതല്ലാതെ പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിന് ഒരു പൊതുമാനദണ്ഡം ഏർപ്പെടുത്തിയിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

മഹിളാ സ്വസ്ത് സംഘങ്ങൾ

147 (3076) ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹിളാ സ്വസ്ത് സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് സർക്കാർ നിർദ്ദേശപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly